"ഭരണഭാഷ – മാതൃഭാഷ"

ഭാരതീയ ചികിത്സാ വകുപ്പ്
ജില്ലാ മെഡിക്കൽ ഓഫീസറുടെ കാര്യാലയം, തൃശ്ശൂർ.
ഇമെയിൽ: dmoismtcr@gmail.com,
ഫോൺ: 0487-2334313.
തീയതി: 21-02-2025

A--973/2024

ജില്ലാ മെഡിക്കൽ ഓഫീസർ,
ഭാരതീയ ചികിത്സാ വകുപ്പ്
തൃശ്ശൂർ

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്
തിരുവനന്തപുരം

സർ,

വിഷയം: ഭാരതീയ ചികിത്സാ വകുപ്പ് - തൃശ്ശൂർ ജില്ല - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് ആശുപത്രിയിലെ രണ്ട് ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ കരാർ പുതുക്കൽ - ദർഘാസ് പരസ്യം വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : ഹെഡ് ഓഫീസിൽ നിന്നുള്ള 07/02/2025 ലെ സി1-2914/2024 നമ്പർ കത്ത്.

മേൽ സൂചനാ കത്ത് പ്രകാരം തൃശ്ശൂർ ജില്ലയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് ആശുപത്രിയിലെ രണ്ട് ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ കരാർ പുതുക്കുന്നതിനായി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് ഹെഡ് ഓഫീസിൽ നിന്നും നിർദ്ദേശം ലഭ്യമായിട്ടുള്ളതാണ്. ആയതിന്റെ ദർഘാസ് പരസ്യം ഭാരതീയ ചികിത്സാ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി അപേക്ഷിക്കുന്നു.

Signed by
Sonia E A
Date: 21-02-2025 16:12:13

വിശ്വാസപൂർവ്വം

ജില്ലാ മെഡിക്കൽ ഓഫീസർ,
ഭാരതീയ ചികിത്സാ വകുപ്പ്, തൃശ്ശൂർ.

"ഭരണഭാഷ മാതൃഭാഷ"

ജില്ലാ മെഡിക്കൽ ഓഫീസ്
ഭാരതീയ ചികിത്സാ വകുപ്പ്
തൃശ്ശൂർ

A4-973/2024 തീയതി:21-02-2025

## ദർഘാസ് നോട്ടീസ്

ഭാരതീയ ചികിത്സാ വകുപ്പ് - തൃശ്ശൂർ ജില്ല - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് ആയുർവേദ ആൻഡ് റിസർച്ച് ആശുപത്രിയിലെ രണ്ട് ലിഫ്റ്റുകളുടെ വാർഷിക അറ്റകുറ്റപ്പണികളുടെ കരാർ പുതുക്കുന്നതിനായി (2025-26 സാമ്പത്തിക വർഷത്തേക്ക്) അംഗീകൃത ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുന്നു.

Scope of work:- Renewal of AMC of two lifts at Kerala Institute Of Sports Ayurveda & Research, Thrissur.

| sl. no. | specifications | |
|---|---|---|
| 1 | ലിഫ്റ്റുകളുടെ എണ്ണം | രണ്ട് |
| 2 | ലിഫ്റ്റുകൾ സ്ഥാപിച്ച കമ്പനിയുടെ പേര് | M/s. Infra Elevators India Ltd., Kochi, |
| 3 | ലിഫ്റ്റുകളുടെ പേര് | SE00909, SE00910 (Motor Make: MONADRIVE, Motor Sl: 171151 & 171162) |
| 4 | ലിഫ്റ്റിങ് കപ്പാസിറ്റി | 6 പാസ്സഞ്ചർ കപ്പാസിറ്റി & 13 പാസ്സഞ്ചർ കപ്പാസിറ്റി |
| 5 | റേറ്റഡ് സ്പീഡ് | 0.7 M/s |
| 6 | ടൈപ്പ് ഓഫ് കൺട്രോൾ | vvvF |
| 7 | ലാൻഡിങ്സ് | 3 nos |

| | |
|---|---|
| ടെണ്ടർ ഫോറത്തിന്റെ വില | ഒറിജിനൽ - 400 + 12% ജി എസ് ടി<br>ഡ്യൂപ്ലിക്കേറ്റ് - 200 + 12% ജി എസ് ടി (ജി എസ് ടി തുക 32AAAGD3723J1ZT എന്ന ഹെഡിൽ അടച്ച് ചലാൻ ഹാജരാക്കേണ്ടതാണ്.) |
| നിരത ദ്രവ്യം | 1500/- |
| ടെണ്ടർ ഫോറം കൊട്ടുത്തു തുടങ്ങുന്ന തിയതി. | 22/02/2025 |
| ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തിയതി. | 28/02/2025 ഉച്ചയ്ക്ക് 2.00 മണിവരെ |
| ടെണ്ടർ ഫോറം സമർപ്പിക്കേണ്ട അവസാന തിയതി. | 28/02/2025 ഉച്ചയ്ക്ക് 4.00 മണിവരെ |
| ടെണ്ടർ ഫോറം തുറക്കുന്ന തിയതി, സമയം. | 03/03/2025 ഉച്ചയ്ക്ക് 2.00 മണിക്ക് |

ടെണ്ടറുകൾ നിശ്ചിത സമയത്ത് ടെണ്ടർമാരുടെയോ അംഗീകൃത പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങളും ടെണ്ടർ ഫോമും ജില്ലാ മെഡിക്കൽ ഓഫീസിൽ (ഭാരതീയ ചികിത്സാ വകുപ്പ്) നിന്നും (ഫോൺ നമ്പർ: 0487-2334313) പ്രവൃത്തി സമയത്ത് (10.15 am to 05.15 pm) ലഭിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർണ്ണമായോ, ഭാഗികമായോ, റദ്ദാക്കുവാനോ, മാറ്റങ്ങൾ വരുത്തുവാനോ ഉള്ള അധികാരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിക്ഷിപ്തമാണ്. കരാർ വ്യവസ്ഥകൾ താഴെ പറയുന്നു.

**<u>ടെണ്ടർമാർക്കുള്ള നിർദ്ദേശങ്ങൾ</u>**

1. ദർഘാസ് ഫോറം ആവശ്യമുള്ളവർ അപേക്ഷയും ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും സഹിതം ജില്ലാ മെഡിക്കൽ ഓഫീസിൽ (ഭാരതീയ ചികിത്സാ വകുപ്പ്) ഹാജരാകേണ്ടതാണ്.

2. ദർഘാസിലെ തുക വിവരം അക്കത്തിലും അക്ഷരത്തിലും തിരുത്തലുകൾ കൂടാതെ വ്യക്തമായി എഴുതിയിരിക്കണം.

3. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 1500/- രൂപയുടെ ഡി ഡി ജില്ലാ മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സാ വകുപ്പ്) തൃശ്ശൂർ -ന്റെ പേരിൽ അടക്കം ചെയ്യേണ്ടതാണ്.

4. കരാർ ഉറപ്പിക്കുന്ന വ്യക്തി പിന്മാറുകയോ കരാർ സ്വീകരിക്കാൻ വിസമ്മതിക്കുകയോ ചെയ്താൽ നിരത ദ്രവ്യ തുക ജില്ലാ മെഡിക്കൽ ഓഫീസർ വസൂലാക്കുന്നതും ടെണ്ടർ നടത്തിപ്പിന് ചെലവ് വന്ന തുക ഈടാക്കുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

5. ദർഘാസ് തുറക്കാൻ തീരുമാനിച്ച ദിവസം പൊതു അവധി ദിനമായി വരുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തും സ്ഥലത്തും വച്ച് ദർഘാസ് തുറക്കുന്നതാണ്.

6. കരാർ ഉറപ്പിക്കുന്ന സ്ഥാപനം 200/- രൂപയുടെ മുദ്രപത്രത്തിൽ ഒരു സമ്മതപത്രം ഒപ്പുവെയ്ക്കേണ്ടതും, നിരതദ്രവ്യമായ 1500/- രൂപ പെർഫോർമൻസ് സെക്യൂരിറ്റിയുടെ ഭാഗമായി കണക്കാക്കുന്നതും ഈ തുകയ്ക്ക് പുറമെ ടെണ്ടർ തുകയുടെ 5 ശതമാനം തുക പെർഫോർമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി അടയ്ക്കേണ്ടതുമാണ്. കോൺട്രാക്റ്റിൽ വീഴ്ച വരുത്തുന്ന പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക സർക്കാരിലേക്ക് വസൂലാക്കുന്നതാണ്.

7. പി ഡബ്ലിയു ഡി യിൽ നിന്നും ലൈസൻസുള്ള കമ്പനിയായിരിക്കണം ടെണ്ടറിൽ പങ്കെടുക്കേണ്ടത്.

8. ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ഒപ്പ് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്. കൂടാതെ റെൻഡറിന്റെ എല്ലാ പേജുകളിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്

9. നിലവിലുള്ള ദർഘാസ് വ്യവസ്ഥകൾ ഈ ദർഘാസിന് ബാധകമായിരിക്കും. ഈ ദർഘാസിലെ ഏതൊരു വ്യവസ്ഥയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയാൽ നിക്ഷിപ്തമായിരിക്കും.

## കരാർ വ്യവസ്ഥകൾ

1. The work shall be carried out strictly in conforming with the accompanying schedule and in accordance with ISI specification.

2. Only approved make of materials shall be used. Prior sanction in the make of materials proposed to be used shall be obtained from the department.

3. The contractor/firm shall conduct at site, tests as stipulated in relevant ISS and IE rules.

4. The contractor/firm shall make their own arrangement for the execution of associated minor civil works for which no material will be issued from the department.

5. Necessary tools as per tender should be supplied without any extra cost.

6. Guarantee period of the work will be One Year from the date of handling over of lift including servicing at least once in a month.

7. Breakdown calls will be attended within six hours and the lift shall be regularly and symmetrically examined and put to proper condition at all times during the period of contract.

Signed by
Sonia E A
Date: 21-02-2025 16:15:11

ജില്ലാ മെഡിക്കൽ ഓഫീസർ
പെൻ നം. 351348
ഭാരതീയ ചികിത്സാ വകുപ്പ്,
തൃശ്ശൂർ

പകർപ്പ്:- 1. ഡയറക്ടർ, (ഭാരതീയ ചികിത്സാ വകുപ്പ്), തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തൃശ്ശൂർ (കവറിങ് ലെറ്റർ സഹിതം)

3. നോട്ടീസ് ബോർഡ് (ജില്ലാ മെഡിക്കൽ ഓഫീസ്)

4. രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രി, തൃശ്ശൂർ